LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതി

264 (3700) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഏതെല്ലാം നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഏതെല്ലാം ഇനി പൂർത്തീകരിക്കാൻ ഉണ്ടെന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ ?

ഉത്തരം

ആലപ്പുഴ മെഗാ സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെട്ട വിജയാ പാർക്ക് നവീകരണം ആർത്തുങ്കൽ ബീച്ച് നവീകരണം എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെട്ട മറ്റ് പ്രവൃത്തികളായ അരൂക്കുറ്റി, തണ്ണീർമുക്കം, പള്ളാത്തുരുത്തി, നെടുമുടി, കണ്ണിപ്പാലം, തോട്ടപ്പള്ളി, കായംകുളം, എന്നിവിടങ്ങളിൽ ഹൗസ് ബോട്ട് ടെർമിനൽ, വട്ടക്കായൽ പടിഞ്ഞാറ്, കരുമാടി വിളക്കുമരം എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് ടെർമിനൽ, വയ്യാങ്കര ചിറ, പാണ്ടി, തഴപ്പ്, കതിരവട്ടംചിറ എന്നിവിടങ്ങളിൽ മൈക്രോ ഡെസ്റ്റിനേഷൻ, തോട്ടപ്പള്ളി ബീച്ച് വികസനം, വയലാർ ഏറ്റുപുരയ്ക്കൽ, അന്ധകാരനഴി, കാക്കത്തുരുത്ത്, കൈനകരി, എന്നിവടങ്ങളിൽ ഫാം റൂറൽ ടൂറിസം ഫിനിഷിംഗ് പോയിന്റിൽ ടെർമിനൽ കോംപ്ലക്സ്, വാടായി, വാണിജ്യ കനാൽ എന്നിവയുടെ മെച്ചപ്പെടുത്തൽ, ആലപ്പുഴ പൈതൃക കെട്ടിടങ്ങൾ, തെരുവുകൾ എന്നിവയുടെ വികസനം, സീ വ്യൂ പാർക്ക് വികസനം, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കൽ മുതലായവ പൂർത്തീകരിക്കുവാൻ ഉണ്ട്.

മുസിരിസ് പൈതൃക പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ

265 (3701) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസിരിസ് പൈതൃക പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും എന്നാൽ ഇതുവരെ പ്രാവർത്തികമാകാത്തതുമായ വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടെങ്കിൽ വിശദീകരിക്കാമോ ?

ഉത്തരം

(എ) മുസിരിസ് പൈതൃക പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും എന്നാൽ ഇതുവരെ പ്രാവർത്തികമാകാത്തതുമായ വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.

1. പള്ളിപ്പുറം കോട്ടയോടനുബന്ധിച്ച് മിലിട്ടറി മ്യൂസിയം
2. മിശ്രഭോജന സ്മാരകം
3. പള്ളിപ്പുറം ഫോർട്ട് ബോട്ട് ജെട്ടി

(ബി&സി) മിലിട്ടറി മ്യൂസിയം സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല. സഹോദരൻ അയ്യപ്പൻ സ്മാരകത്തിനോട് ചേർന്നുള്ള സ്ഥലം അനുയോജ്യ മാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സീകരിക്കുന്നതാണ്.

മിശ്രഭോജന സ്മാരകം നിർമ്മിക്കുന്നതിന് മൂന്ന് സെന്റ് സ്ഥലം പള്ളിപ്പുറം പഞ്ചായത്തിൽ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

പള്ളിപ്പുറം ഫോർട്ട് ബോട്ട്ജെട്ടിയുടെ നിർമ്മാണം പുരാവസ്തു വകുപ്പിന്റെ എതിർപ്പുമൂലം നടപ്പാക്കാൻ സാധിച്ചിട്ടില്ല.

553/16

LIBRARY ARCHIVES Kerala Legislative Assembly